**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2784** **13-12-2022 - ൽ മറുപടിയ്ക്ക്**

**കോട്ടയം ടെക്സ്റ്റയിൽസിലെ തൊഴിലാളികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ടെക്സ്റ്റയിൽസിലെ തൊഴിലാളികളുടെ റിട്ടയർമെന്റ് ആനുകൂല്യം മുഴുവനായി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് കൊടുത്തു തീർക്കാൻ കഴിയും എന്നറിയിക്കാമോ; | (എ) | കോട്ടയം ടെക്സ്റ്റൈൽസിലെ തൊഴിലാളികളുടെ റിട്ടയർമെന്റ് ആനുകൂല്യം മുഴുവനായി നൽകിയിട്ടില്ല. ഗ്രാറ്റുവിറ്റി ഇനത്തിൽ 49 ലക്ഷം രൂപ 22 പേർക്കായി കുടിശ്ശികയുണ്ട്. മില്ലിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് തവണകളായി കൊടുത്തു തീർക്കാൻ കഴിയുന്നതാണ്. |
| (ബി) | കൈത്തറി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ; | (ബി) | കൈത്തറി മേഖലയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, എല്ലാ സർക്കാർ / അർദ്ധ സർക്കാർ / അധ്യാപകർ / പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർ 2022 പുതുവർഷാരംഭം മുതൽ എല്ലാ ബുധനാഴ്ചകളിലും കൈത്തറി / ഖാദി വസ്ത്രങ്ങൾ ധരിക്കണമെന്നും 07.12.2020 ലെ സി.ഡി.എൻ 2/97/2020/പൊഭവ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരം സർക്കാർ / അർദ്ധ സർക്കാർ സ്ഥാപ നങ്ങൾക്ക് ആവശ്യമുള്ള കൈത്തറി / ഖാദി തുണിത്തരങ്ങൾ വാങ്ങണമെന്നും 11.01.2022ലെ സി.ഡി.എൻ2/1/2022/ പൊഭവ സർക്കുലർ പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. അതിന്റെ ഫലമായി, കൈത്തറി ഉൽപ്പന്നങ്ങൾക്ക് വിപണിയിൽ ഉണർവ്വുണ്ടാകുന്നതിനും വിപണി മെച്ചപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്.<br><br>കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് ജോലി സ്ഥിരത ഉറപ്പുവരുത്തുന്നതിന് സർക്കാർ ആവിഷ്കരിച്ച് 2016-2017 മുതൽ നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. കൈത്തറി മേഖലയിലേക്ക് കൂടുതൽ നെയ്ത്തുകാരെ ആകർഷിക്കുന്നതിനും, നെയ്ത്തുകാർക്ക് അധികവേതനം, കൂടുതൽ തൊഴിൽ ദിനങ്ങൾ എന്നിവ ലഭ്യമാക്കുവാനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്ന പ്രാഥമിക കൈത്തറി സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങൾക്ക് അവരുടെ കൈത്തറി ഉൽപ്പന്നങ്ങൾക്ക് സംസ്ഥാന സർക്കാർ റിബേറ്റ് നൽകി വരുന്നുണ്ട്. (വിവിധ ഉത്സവകാലയളവുകളിൽ കൈത്തറി തുണിത്തരങ്ങളുടെ വിൽപ്പനയ്ക്ക് 41 ദിവസത്തേയ്ക്ക് 20% റിബേറ്റും സ്കൂൾ യൂണിഫോം റിബേറ്റ് കാലയളവിലേയ്ക്ക് 15 ദിവസത്തേയ്ക്ക് 30% റിബേറ്റുമാണ് നിലവിൽ അനുവദിച്ച് നൽകുന്നത്). ഉത്സവകാലയളവിൽ കൈത്തറി ഉൽപന്നങ്ങൾക്കായി ജില്ലാ-സംസ്ഥാനതല എക്സിബിഷനുകളും റിബേറ്റോടു കൂടി സംഘടിപ്പിച്ചു വരുന്നു. ഇതുവഴി വിപണന സാധ്യത കൂട്ടുന്നതിനും അങ്ങനെ കൈത്തറി ഉൽപ്പന്നങ്ങളുടെ വിൽപന ത്വരിതപ്പെടുത്തുന്നതിനും സാധിക്കുന്നു.<br><br>സംസ്ഥാനത്തെ കൈത്തറി മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് കൂടുതൽ പഠനം നടത്തി ആയതിന് പരിഹാരം കണ്ടെത്തി ഈ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 5 അംഗവിദഗ്ധ സമിതിയെ നിയോഗിക്കുകയും പ്രസ്തുത സമിതി പ്രവർത്തിച്ചു വരികയും ചെയ്യുന്നു. |
| (സി) | ഹാൻവീവിനും മറ്റു കൈത്തറി സൊസൈറ്റികൾക്കും റിബേറ്റ് ഇനത്തിൽ സർക്കാരിൽ നിന്നും ലഭിക്കേണ്ട തുക ലഭിക്കാത്ത സാഹചര്യമുണ്ടോ; ആയതു കൊടുത്തു തീർക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | ഹാൻവീവിന് നിലവിൽ റിബേറ്റ് കുടി ശശിക ഇല്ല. റിബേറ്റ് അനുവദിക്കുന്നതിനായി കൈത്തറി സംഘങ്ങളിൽ നിന്നു ലഭിക്കുന്ന അപേക്ഷകളിൽ അർഹതയുള്ള ക്ലെയിമുകൾക്ക് തുക അനുവദിക്കുന്നുണ്ട്. അപാകതയുള്ള അപേക്ഷകളുടെ അപാകത പരിഹരിച്ചതിനുശേഷം തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2022-23 സാമ്പത്തിക വർഷം റിബേറ്റ് പദ്ധതിയ്ക്കായി അനുവദിച്ച 10 കോടി രൂപയിൽ, 2022 ഡിസം ബർ 5 വരെ 90,07,532/- രൂപ ഹാൻവീവിനും 1,60,56,655/- രൂപ പ്രാഥമിക കൈത്തറി സംഘങ്ങൾക്കും അനുവദിച്ചിട്ടുണ്ട്. ഹാന്റക്സിന് 1,83,35,708 രൂപയുടെ റിബേറ്റ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | കോട്ടയം ടെക്സ്റ്റയിൽസിന്റെ പ്രവർത്തനത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | കോട്ടയം ടെക്സ്റ്റൈൽസ് ഉൾപ്പെടെയുള്ള പൊതു - സഹകരണ മേഖലയിലെ സ്പിന്നിംഗ് മില്ലുകൾക്കാവശ്യമായ അസംസ്കൃത വസ്തുവായ കോട്ടൺ വിളവെടുപ്പ് സീസണിൽ തന്നെ അധിക അളവിൽ വാങ്ങുന്നതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ